**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1976** **02-02-2024 - ൽ മറുപടിയ്ക്ക്**

**ആലപ്പുഴ മണ്ഡലത്തിലെ പി.എം.ജെ.വി.കെ. പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. ചിത്തരഞ്ജൻ** | | **ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | ആലപ്പുഴ മണ്ഡലത്തിൽ ന്യൂനപക്ഷ ക്ഷേമ വകുപ്പ് മുഖേന ഏതൊക്കെ പ്രവർത്തനങ്ങളാണ് നടന്നുവരുന്നതെന്ന് വിശദവിവരം ലഭ്യമാക്കാമോ; | (എ) | **ന്യൂനപക്ഷ ക്ഷേമ വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന സ്കോളർഷിപ്പ് പദ്ധതികൾ, ഭവന പുനരുദ്ധാരണ പദ്ധതി, കരിയർ ഗൈഡൻസ് പദ്ധതികൾ, പാത്ത് വേ സോഷ്യൽ പ്രോഗ്രാമുകൾ, സി.സി.എം.വൈ പരിശീലന കേന്ദ്രങ്ങളിലെ പരിശീലനങ്ങൾ എന്നിങ്ങനെ വിവിധ പദ്ധതികളുടെ പ്രയോജനം ആലപ്പുഴ മണ്ഡലത്തിനും ലഭിക്കുന്നുണ്ട്. എന്നാൽ ഈ പദ്ധതികളൊന്നും തന്നെ മണ്ഡലം അടിസ്ഥാനത്തിൽ അല്ല നടപ്പിലാക്കുന്നത്. കൂടാതെ പ്രധാൻമന്ത്രി ജൻ വികാസ് കാര്യക്രം പദ്ധതിയുടെ പ്രോജക്ടുകളും ആലപ്പുഴ മണ്ഡലത്തിൽ ലഭിച്ചിട്ടുണ്ട്.** |
| (ബി) | പി.എം.ജെ.വി.കെ. പദ്ധതി മുഖേന നടപ്പിലാക്കേണ്ട പദ്ധതികളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച് വിശദ വിവരം ലഭ്യമാക്കാമോ; | (ബി) | 2018-19, 2019-20 സാമ്പത്തിക വർഷങ്ങളിലായി ആലപ്പുഴ ജില്ലയ്ക്ക് ഏഴ് പദ്ധതികളിലായി 27.46 കോടി രൂപയുടെ പ്രോജക്ടുകൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. കോവിഡ് മഹാമാരിയുടെയും സംസ്ഥാനം നേരിടേണ്ടി വന്ന പ്രളയ കെടുതികളുടെയും പശ്ചാത്തലത്തിൽ പദ്ധതികൾ സമയബന്ധിതമായി ആരംഭിക്കുന്നതിന് ജില്ലയിലെ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് തടസ്സം ഉണ്ടാവുകയും കോസ്റ്റ് എസ്കലേഷൻ കാരണം പദ്ധതികൾ നാളിതുവരെ ആരംഭിക്കുന്നത് സാധിക്കാത്തതുമായ സാഹചര്യം സംജാതമാവുകയും ചെയ്തിരുന്നു.പദ്ധതികൾക്ക് അംഗീകരിക്കപ്പെട്ട തുകയ്ക്കുള്ളിൽ നിന്നുകൊണ്ട് പ്രവൃത്തികൾ നടത്താനാകാത്ത സാഹചര്യം ജില്ലയിലെ നിർവ്വഹണോദ്യോഗസ്ഥർ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യം സർക്കാരിനെ അറിയിക്കുകയും, സർക്കാർ തീരുമാന പ്രകാരം ജില്ലക്ക് ലഭിച്ച വുമൺ ഫെസിലിറ്റേഷൻ സെന്റർ ഒഴികെയുള്ള പ്രോജക്ടുകൾ ഡ്രോപ്പ് ചെയ്യുകയും ചെയ്തിട്ടുണ്ട്. |
| (സി) | പ്രസ്തുത പദ്ധതി പ്രകാരം നടപ്പിലാക്കുന്ന വുമൺ ഫെസിലിറ്റേഷൻ സെന്ററിന്റെ പുതുക്കിയ പ്രോജക്ട് | (സി) | പ്രധാൻമന്ത്രി ജൻ വികാസ് കാര്യക്ര പദ്ധതിയിൽ 2019-20 സാമ്പത്തിക വർഷ |

| | | | |
|---|---|---|---|
| | റിപ്പോർട്ടിന് ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ; | | അംഗീകാരം ലഭിച്ച വുമൺ എംവർമെന്റ് ആന്റ് ഫെസിലിറ്റേഷൻ സെന്റർ (1423.34 ലക്ഷം രൂപ) എന്ന പ്രവൃത്തിയ്ക്ക് G+4 പ്ലാൻ പ്രകാരം കേന്ദ്ര സർക്കാർ അനുമതി നൽകിയിരുന്നു എന്നാൽ ആലപ്പുഴ ബീച്ച് റോഡിൽ അനുവദിക്കപ്പെട്ട ടി പദ്ധതിയുടെ നിർവ്വഹണം ആരംഭിക്കുന്നതിന് CRZ–ന്റെ ക്ലിയറൻസ് ആവശ്യമായി വന്നതിനാൽ പദ്ധതി നീണ്ടുപോയിട്ടുണ്ട്. CRZ–ക്ലിയറൻസ് നിലവിൽ ലഭിച്ചിട്ടുണ്ട്. എന്നാൽ CRZ ക്ലിയറൻസ് ലഭിക്കുന്നതിലേയ്ക്ക് F.A.R പെർമിസിബിൾ ലിമിറ്റ് (1.5) നുള്ളിൽ നിൽക്കത്തക്ക രീതിയിൽ പ്ലാൻ മാറ്റേണ്ട വന്നതിനാൽ കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടുള്ള പ്ലാനിൽ നിന്നും ഒരു നില ഒഴിവാക്കി ഗ്രൌണ്ട് ഫ്ലോർ +3 ഫ്ലോർ ആക്കി കൊണ്ടാണ് CRZ ക്ലിയറൻസ് ലഭിച്ചിരിക്കുന്നത്. ഇതനുസരിച്ചിട്ടുള്ള റിവൈസ്ഡ് പ്രൊപ്പോസൽ ഭരണാനുമതിയ്ക്കായി ലഭ്യമാക്കിയിട്ടുണ്ട് എന്നാൽ കേന്ദ്ര സർക്കാർ അനുമതി നൽകിയിരിക്കുന്ന പ്ലാനിൽ മാറ്റം വരുത്താൻ കേന്ദ്ര സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണ്. ഈ സാഹചര്യത്തിൽ ജില്ലയിൽ നിന്നും ലഭിച്ചിരിക്കുന്ന പ്രൊപ്പോസൽ 25.08.2023-ലെ സംസ്ഥാന തല സമിതി അംഗികരിച്ച് കേന്ദ്ര ന്യൂനപക്ഷ മന്ത്രാലയത്തിന്റെ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. |
| (ഡി) | പി.എം.ജെ.വി.കെ. പദ്ധതി പ്രകാരം 2022-23, 2023-24 വർഷങ്ങളിൽ ഏതൊക്കെ പദ്ധതികളാണ് ആലപ്പുഴ മണ്ഡലത്തിൽ നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ഡി) | പി.എം.ജെ.വി.കെ. പദ്ധതി പ്രകാരം 2022-23, 2023-24 വർഷങ്ങളിൽ പദ്ധതികൾ ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ